സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് സിറിയൻ ചർച്ച്,
പടമുഗൾ, കൊച്ചി ഭദ്രാസനം

സെന്റ് ജോൺ ദി വോയിസ് 2
2024 - 25

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം , പടമുഗൾ യൂണിറ്റ്



Blessings & Greetings

H.G. DR. YAKOOB MAR IRENAIOS METROPOLITAN
KOCHI DIOCESE

Blessings and greetings to our beloved members of the Orthodox Christian Youth Movement of the St John the Baptist Orthodox Church, Padamugal.

Beloved in the Lord!

God has created us all in His Image and Likeness to be in constant Communion with Him and communicate with our fellow beings around us. The best and practical mode of such communication is language. When God speaks to us personally and also as communities, he uses the language of love. That contains in it communications with good intentions, expression of sellers love, concern for others, readiness to sacrifice for the well being of others. We understand these are expressions of the manifestations of the Image and Likeness of God in us. The youth around the world, who are at the peak of their intellectual prowess, and imaginative capacities could express their faith in God in words and actions of sympathy ,love and concern. The OCYM is the common platform for the youth of the Malankara Orthodox Church, to be the true Christian ambassadors of Christ. the youth of the Malankara Orthodox Church, to be the true Christian ambassadors of Christ. The OCYM unit members of Padamugal Church have been active in their responsibilities as the real friends and spiritual warriors of our Saviour. The second edition of the OCYM News Letter is certainly an enhanced model of Christian communion dedication and the search for the good. The society around is beset with all kinds of debilitating and destructive forces, which if not resisted, shall eat away all that Is best in our culture and spiritual existence. The Maya world of drugs and uncontrolled life style is actually dismantling the vitals of our very life and existence. Hence, we need to be beware of the dangers around and ahead to be useful citizens of world order of God. I hope and pray that the News Letter will definitely give a clarion call for true spiritual freedom, avoidance of evil, rebuilding broken lives, and giving a new hope of life to the sick, the grieving , the poor and neglected. May the grace of Almighty God strengthen you all in discharging these divine and human GV responsibilities, and prove useful to the Church and society at large. As the Bible exhorts to remember our creator when we are young, let us not run away from the Divine presence, even for moment. This is the time to live a true Christian life and to act in that way constantly, for the glory of God and the well being of the people. With lots of love and respect for all, I pray that God bless you in all your ways, and lead you in the right path.

ദൈവത്തെ മറന്നു കുഞ്ഞേ.... ജിവിക്കരുതേ

വർഷങ്ങളായി കേൾക്കുന്ന ഗാനത്തിന്റെ പ്രഥമ വരിയാണിത്. വിപ്ലവകരമായി മാറ്റങ്ങളുടെ കാലത്ത് നേട്ടങ്ങളുടെ പിന്നിൽ പേറ്റന്റ് ഞാനാണ് എന്ന് സമർത്ഥിക്കുവാൻ അനേകർ ശ്രമിക്കാറുണ്ട്. വിവരസാങ്കേതിക വിദ്യയുടെ ഭാഗമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഇങ്ങനെയുള്ള കാര്യങ്ങൾക്ക് കൂടുതൽ താത്പര്യ മെടുക്കാറുണ്ട് പക്ഷേ അറിവും പക്വതയും ഉണ്ടെന്ന് നാം ധരിക്കുന്ന മനുഷ്യർ പോലും സ്വാർത്ഥതയ്ക്കും വേണ്ടി നെറികേടിലേക്ക് കൂപ്പുകുത്തുകയല്ലേ? രാഷ്ട്രീയ അടിമത്വവും ലഹരിയുടെ അടിമത്വവും തിൻമയുടെ അടിമത്വവും പേറി കൗമാര യുവതലമുറ ഉൾപ്പെടെ റാഗിംഗ്, വൈകൃതജീവിതം, ക്രൂരകുറ്റങ്ങൾ, ആത്മഹത്യ എന്നിവകൾക്ക് ബലിയായി മാറുന്നത് ഈ നാട്ടിലാണോ? എന്ന് ചിന്തിച്ചു പോകുന്നു. ജാതി ചിന്ത മറന്ന് സഹോദര തുല്യം സ്നേഹിക്കേണ്ടവർ തല തല്ലിപ്പൊളിക്കുന്നത് എന്ത് സംസ്കാരമാണ്? ഇതിന് കൂട്ടുനിൽക്കുന്ന സംസ്കാര ശൂന്യരായ നേതൃത്വമേ ഹാ കഷ്ടം. മദ്യവും ലഹരിയും..... യഥേഷ്ടം ലഭ്യമാക്കുവാൻ തലമുറ നഷ്ടമായാലും തങ്ങളുടെ വരുമാനം കൂടുവാൻ മത്സരിക്കുന്ന സംസ്കാരമേ മഹാകഷ്ടം നാടിനേയും നാട്ടാരെയും നശിപ്പിക്കുന്ന ആർക്കും നാം കൂട്ടാളിയാകരുത് ഓർക്കുക: ഈ യൗവനം എത്ര സുന്ദരമാണ്. യൗവനത്തിന്റെ മനേഹാരമായ സൗന്ദര്യമാസ്വദിക്കുവാൻ നമുക്ക് സാധിക്കണം .

ദൈവത്തോട് ചേർന്നുള്ള യാത്രയാണ് നമ്മുടെത് എങ്കിൽ എന്നും ജീവിക്കുവാൻ കരുത്ത് ലഭിക്കും വേദമന്ത്രം ഹൃദയത്തിന് ആശ്വാസം ധൈര്യവും പകരും. ലോകത്തിലുള്ളവർ ഭോഷനെന്നു നമ്മെ വിളിച്ചേക്കാം. എങ്കിലും ഈ സുന്ദരയൗവനത്തിൽ അവനാണ് എന്റെ പ്രിയൻ എന്നു പറയുവാൻ നമുക്കു കഴിയട്ടെ എടുത്തു ചാട്ടവും, മത്സരബുദ്ധിയും കുറുക്കുവഴിയും ആപത്താണ്. അതു കൊണ്ട് "ദൈവത്തെ മറന്നു കുഞ്ഞേ.... ജീവിക്കരുത് "

യുവജന പ്രസ്ഥാനത്തിലെ അംഗങ്ങളായ എന്റെ മക്കൾ നേതൃത്വം നല്കി പ്രസിദ്ധീകരിക്കുന്ന ഈ സപ്ലിമെന്റിന്
ആശംസകൾ അറിയിക്കുന്നു......
ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

നിങ്ങളുടെ വികാരി
സുനിലച്ചൻ

ocym.padamugal

Holiness

Fr. Paul George
OCYM Vice President, Kochi Diocese

Holiness is something that this generation of believers really needs to come to grip with. It seems that we tend to back away from any mention of holiness. We find it boring and old fashioned. This is a subject of great importance found throughout the Old and New Testament. We are to be a holy people before God. In the midst of modern hustle, the Church teaches and emphasis towards holiness

What is Holiness? The biblical Hebrew word is "Kodesh" which really means separate. It means to be set apart, *set aside or designated for God's purpose.* Holiness is a journey not a destination. Our church tradition outlines stages, purification, illumination and union with God. It indeed . requires patience, humility and deep yearning for God's grace.

As we go through the book of Leviticus 20:7 "*Therefore you shall be holy, for I the Lord your God am holy*", Therefore to attain holiness the modus operandi is union with our blessed Lord. Holiness is manifested in people being renewed & transformed by the Holy Spirit who seek to become holy as God commanded. God has sanctified us, setting us apart from the world to serve him through the gift of His son Jesus Christ. Our Lord absolves our sins and the Holy Spirit empowers us to live holy lives that honor God.

St. Paul's Epistle to the Hebrews 12:14 "*Make every effort to live in peace with all men and to be holy; without holiness no one will see the Lord*".

Holiness is in the struggle. In fact, lets never think Holiness means infallibility, everyone has imperfections. Holiness is about struggle not perfection, there is no perfect man but what exist is a struggling man, the one who keeps striving. There are times holiness which is our calling is so far out of our grasp that is unattainable. This thought is a delusion, work of the devil to tell us that holiness is unrealistic and we cannot reach it. The devil wants to destroy us. Modern world thinks the acquisition of holiness is the only exclusive business of the monks and clergy. Each and every person is called to holiness, as are those in all kinds of professions live in the world, since the commandments about holiness is given to all.

St. Paisios the Athonite says so "*The devil is very cunning; he usually uses the things (world) and people we love, to creep into us, wound us that is to rip out the ways of leading to holiness. Distancing ourselves from God, thereby giving the devil right and strength over us*"

Therefore, my dear brothers and sisters in Christ we need to be faithful to the scriptures, pray for holiness. Ask God to help us to be holy. Confess your sin, ask for forgiveness. Through the holy sacraments we are cleansed from all unrighteousness, and submit to the leading of the Holy Spirit. God loves us and wants the very best for our lives. He doesn't want us to be trapped in bitter bondage of this world. He desires for us to share in the freedom that comes from holiness. May the grace and mercy of the Holy Trinity be with us all.,

സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് സിറിയൻ ചർച്ചിലെ യുവജന പ്രസ്ഥാന അംഗങ്ങളെ, നമ്മുടെ സഭയുടെ നട്ടെല്ലാണ് **OCYM** എന്നുള്ളത് മനസ്സിലാക്കി പ്രവർത്തിക്കുവാൻ ദൈവം നിങ്ങൾക്ക് ഇടയാക്കട്ടെ. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സഭാപ്രസംഗിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു "നിന്റെ യൗവന കാലത്തു നിന്റെ സ്യഷ്ടാവിനെ ഓർത്തുകൊൾക." മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ വനമാണ് യൗവനം. എപ്പോൾ വേണമെങ്കിലും പാപത്തിന്റെ വിത്തുകൾ വീണു കിളിർക്കാം. അങ്ങനെ വരാതിരിക്കട്ടെ. നല്ലഫലം കായ്ക്കുന്ന വൃക്ഷമായി ദൈവം നിങ്ങളെ ഓരോരുത്തരെയും തീർക്കുമാറാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും ആശംസിച്ചു കൊണ്ടും നിർത്തുന്നു.

K. K JAMES
Sunday School Headmaster

"കാണാക്കാഴ്ചകൾ!" (കഥ)

ഡോ. ജോർജ് മരങ്ങോലി
(Ms PhD Writer, Journalist ,US Civil Service Retd)

ഇലക്ട്രിസിറ്റി ഡിപ്പാർട്മെന്റിലെ ഒരു സീനിയർ എഞ്ചിനീയറായിരുന്നു മാത്യൂസ്. വൈകുന്നേരം ജോലികഴിഞ്ഞു വീട്ടിലെത്തുമ്പോൾ ഏഴ് മണി യെങ്കിലും ആകും. അന്നും പതിവുപോലെ മാത്യൂസ് വന്നപ്പോൾ ഭാര്യ ആലീസ് സിറ്റൗട്ടിൽ കാത്തു നിൽക്കുന്നുണ്ടായിരുന്നു. സാധാരണയായി മോനും കൂടെ ഉണ്ടാകാറുള്ളതാണ്; പക്ഷേ മോനെക്കണ്ടില്ല! 'ജോക്കുട്ടൻ സ്കൂളിൽനിന്ന് വന്നില്ലേ ആലീസ് ? 'വന്നച്ചായ, മുറിയിലുണ്ട്. പ്രോജക്ടു ചെയ്യണം പോലും, നാളെ കൊടുക്കേണ്ടതാണ്."ജോക്കുട്ടനെ ഒരു എൻജിനീയറാക്കണം."മോനെക്കുറിച്ച് ദീവാസ്വപ്നങ്ങൾ കണ്ടുകൊണ്ടാണ് അയാൾ വീട്ടിലേക്കു കയറിയത്. മോന്റെ മുറി മെല്ലെത്തുറന്നു; മേശയിൽ തലചായ്ച് മോൻ ഉറങ്ങുന്നു. ഫുട്ബാൾ പ്രാക്റ്റീസുണ്ടായിരുന്നതല്ലേ, പാവം ക്ഷീണിച്ചുകാണും. പിന്നീടുള്ള ദിവസങ്ങളിൽ മാത്യൂസ് ഓഫിസിൽ നിന്ന് വരുമ്പോഴൊന്നും മോനെക്കാണാറേയില്ല! "മോൻ വല്ലാതെ ക്ഷീണിച്ചുപോയി." ഒരമ്മയുടെ നൊമ്പരം! അന്ന് മാത്യൂസ് വന്നപ്പോൾ ജോക്കുട്ടൻ അമ്മയോടൊപ്പം ഉണ്ടായിരുന്നു. "ഡാഡി, ഞാൻ അരുണിന്റെ ഫ്ളാറ്റിൽ പോകുകയാണ്, ഗ്രൂപ്പ് സ്റ്റഡീസ് ഉണ്ട്, എന്റെ ക്ലാസ്സിലെ ശ്രീശാന്തും മുരളിയുമൊക്കെ അവിടെ വരും." "ഓക്കേ മോനു, സ്റ്റഡി ഗുഡ്." അടുത്തുള്ള ഫ്ളാറ്റിലെ അരുണും ജോക്കുട്ടനും ഒരേ ക്ലാസ്സിലാണ്. മിക്കവാറും വൈകുന്നേരങ്ങളിലെല്ലാം തന്നെ മോൻ അരുണിന്റെ ഫ്ളാറ്റിൽ ആയിരിക്കും. ഒരിക്കൽ മോന്റെ ക്ലാസ് ടീച്ചർ വിളിച്ചിരുന്നു. "ജോ നല്ല സ്മാർട് കുട്ടിയാണ്, പക്ഷെ ഇപ്പോൾ എന്താണെന്നറിയില്ല, അൽപ്പം ഉഴപ്പാണ് !" വെള്ളിയാഴ്ച മാത്യൂസ് ഓഫീസിൽ നിന്ന് വന്നത് വളരെ താമസിച്ചാണ്. "ആലീസേ, ജോക്കുട്ടൻ എത്തിയില്ലേ?" "എത്തി അച്ചായാ, കൂട്ടുകാരുമൊത്തു ലുലു മാളിൽ പോയിരിക്കുവാ. ഇന്ന് കൂട്ടുകാരന്റെ ബർത്ഡേ ആണുപോലും." "പിള്ളേരല്ലേ, പഠിത്തം മാത്രം പോരല്ലോ, എഞ്ചോയ് ചെയ്യട്ടെ.' മാത്യൂസ് മുറിയിലേക്ക് പോയി, ഒപ്പം ആലീസും. "ആലീസേ, പേഴ്സിൽ നിന്ന് പണം വല്ലതും എടുത്തായിരുന്നോ? കുറച്ചു രൂപ.....! ഇനി വേലക്കാരി ത്രേസ്യയെങ്ങാനും......? "ഏയ്, അവളൊരിക്കലും എടുക്കില്ല, എത്ര കൊല്ലമായി നമ്മുടെ കൂടെയായിട്ട്." "സാരമില്ല, ഞാൻ തന്നെ എന്തിനെങ്കിലും എടുത്തുകാണും, ഓർക്കാഞ്ഞിട്ടാ."മാത്യൂസ് സമാധാനിച്ചു. അന്ന് രാത്രി ജോക്കുട്ടൻ വന്നപ്പോൾ വളരെ വൈകി! ത്രേസ്യയാണ് കതകു തുറന്നത്. ഒന്നും ഉരിയാടാതെ, മോൻ അവന്റെ ബെഡ്റൂമിലേക്ക് പോയി കതകടച്ചു. പിറ്റേന്ന് നേരം പുലർന്നിട്ടും ജോക്കുട്ടനെ കാണാത്തതിനാൽ മാത്യൂസ് മുറിയിലേക്ക് ചെന്നു; പാവം അപ്പോഴും നല്ല ഉറക്കത്തിലാണ്. ആ സമയം മോനൊരു ഫോൺ കാൾ വന്നു; വോയിസ് മെസ്സേജായിരുന്നു."എടാ ജോ, നീ എവിടെയാ? കുറെ രൂപകൂടി സംഘടിപ്പിച്ച് പെട്ടെന്ന് എന്നെ വിളിക്ക്. ഇന്നലെ നീയും അരുണും ടെസ്റ്റ് ചെയ്ത ആ ഉഗ്രൻ സാധനം കൂടുതൽ വന്നിട്ടുണ്ട്. ഇന്ന് പൈസ കൊടുത്തു മേടിക്കണം. ഒന്ന് പെട്ടെന്ന് വാ!" ആ പിതാവിന്റെ ഹൃദയം പൊട്ടിപ്പോകുമെന്നു തോന്നി ! കൈകാലുകൾ വിറച്ചു! ഫോണുമായി അടുക്കളയിലേക്കോടി! "ആലീസേ, നമ്മുടെ മോൻ....!" മെസ്സേജ് കേട്ട ആലീസ് പൊട്ടിക്കരഞ്ഞു ! കരച്ചിൽകേട്ടു ഓടിവന്ന ത്രേസ്യാ ഓർത്തു; ദിവസങ്ങൾക്കു മുമ്പ് മാഡത്തിനോടു കാര്യം സൂചിപ്പിച്ചതാണ്. "ഞങ്ങളുടെ മോൻ അത്തരക്കാരനൊന്നുമല്ല' എന്നാണ് മാഡം പറഞ്ഞത്! കഴിഞ്ഞ ദിവസം അരുണിന്റെ ഫ്ളാറ്റിൽ തുടക്കാൻ വരുന്ന ബംഗാളി സ്ത്രീ പിള്ളേർക്ക് സ്ട്രാബെറി മരുന്നു വിറ്റുവെന്നും പറഞ്ഞു അറസ്റ്റു ചെയ്തെന്നും പറഞ്ഞിരുന്നു!"അയ്യോ എന്റെ മോൻ...." കരഞ്ഞുകൊണ്ട് ആലീസ് മോന്റെ മുറിയിലേക്കോടി; പുറകെ മാത്യൂസും ത്രേസ്യായും! വായിൽനിന്ന് നുരയുംപതയും വന്ന്, മുഖം കരുവാളിച്ച ജോക്കുട്ടന്റെ ചേതനയറ്റ ശരീരമായിരുന്നു കട്ടിലിൽ കിടന്നത്! അന്നത്തെ പത്രത്തിൽ ഒരു വാർത്തകൂടിയുണ്ടായിരുന്നു; "ഫ്ളാറ്റിന്റെ പത്താം നിലയിൽ നിന്ന് ചാടി സ്കൂൾ വിദ്യാർത്ഥി അരുൺ ആത്മഹത്യ ചെയ്തു."

മാതാപിതാക്കളോട്: നമ്മുടെ കുഞ്ഞുങ്ങൾ നല്ലവരാണ് എന്ന അന്ധമായ വിശ്വാസം ഒരിക്കലും നല്ലതല്ല. സാഹചര്യമാണ് അവരെ വഴിതെറ്റിക്കുന്നത് ! ഇന്ന് ഒരുപാട് കുട്ടികൾ മയക്കുമരുന്നിന്റെ അടിമകളാണ്! ജോക്കുട്ടന്റെ അവസ്ഥ നമ്മുടെ കുഞ്ഞുങ്ങൾക്കും ഉണ്ടാകാതിരിക്കാൻ മക്കളുടെ ഓരോ ചലനങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്.

കൊച്ചി ഭദ്രാസനവും പ്രഥമ മെത്രാപ്പോലീത്തയും

റ്റിബിൻ ചാക്കോ തേവർവേലിൽ
(എഡിറ്റോറിയൽ ബോർഡ് ,യുവജനം ത്രൈമാസിക)

150–ാം വയസ്സിലേക്ക് പ്രവേശിക്കുവാൻ തയ്യാറെടുക്കുന്ന നമ്മുടെ ഭദ്രാസനത്തിന്റെ ഒരു ലഘുചരിത്രം യുവജനങ്ങളുടെ അറിവിലേക്ക് ഇവിടെ കുറിക്കാം എന്നാണ് കരുതുന്നത്. ഭദ്രാസന രൂപീകരണ ചരിത്രവും, പ്രഥമ മെത്രാപ്പോലീത്തായുടെ ജീവിതരേഖയും കൊച്ചി ഭദ്രാസന യുവജനപ്രസ്ഥാന അംഗങ്ങളായിരിക്കുന്ന നമ്മുടെ സ്മൃതിപഥത്തിൽ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

മലങ്കര മെത്രാപ്പോലീത്താ നേരിട്ട് മലങ്കരസഭ മുഴുവനായി ഭരിച്ചു വന്നിരുന്ന രീതിയാണ് 1877 വരെ മലങ്കരയിൽ നിലവിൽ ഉണ്ടായിരുന്നത്. 1875 ൽ മലങ്കരയിലേക്ക് എഴുന്നള്ളിയ പ. പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവായാണ് മലങ്കരസഭയെ ഏഴ് ഭദ്രാസനങ്ങളായി വിഭജിച്ചത്. 1877 മകരം 15 ന് ആരംഭിച്ച വെളിയനാട് സുന്നഹദോസിൽ വെച്ചാണ് മലങ്കരസഭയെ കൊല്ലം, നിരണം, തുമ്പമൺ, കോട്ടയം, കണ്ടനാട്, കൊച്ചി, അങ്കമാലി എന്നിങ്ങനെ ഏഴ് ഭദ്രാസനങ്ങളായി വിഭജിച്ച പ്രഖ്യാപനം അദ്ദേഹം നടത്തുന്നത്. അപ്രകാരം രൂപീകരിച്ച ഏഴ് ഭദ്രാസനങ്ങളിൽ ഒന്നായിരുന്നു കൊച്ചി ഭദ്രാസനം. കൊച്ചിക്കോട്ടയിലെ പത്രോസ് പൗലോസ് ദൈവാലയവും അതിന് ചുറ്റുമുള്ള 21 ദൈവാലയങ്ങളായിരുന്നു കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെട്ടിരുന്നത്. പ. തോമാശ്ലീഹാ സ്ഥാപിച്ച ആർത്താറ്റ് പള്ളി ഉൾപ്പെടെ ഈ ഭദ്രാസനത്തിൽ ചേർത്ത് 1985 ൽ കുന്നംകുളം ഭദ്രാസനം രൂപീകൃതമായി.

1876ൽ രൂപീകൃതമായ കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായി ചുമതലയേറ്റത് ശെമവൂൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്തയായിരുന്നു. 1823ന് കണ്ടനാട് കരവട്ടുവീട്ടിൽ കുടുംബത്തിൽ ശെമവൂൻ ജനിച്ചു. ചേപ്പാട് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയിൽ നിന്നും 1835 ൽ ശെമ്മാശുപട്ടം ലഭിച്ചു. 1843 ൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്ന് കശീശാപട്ടം സ്വീകരിച്ചു. അക്കാലത്ത് മലങ്കരസഭ നേരിട്ട പ്രതിസന്ധികളിൽ ശെമവൂൻ കോറി സഭയ്ക്ക് ശക്തമായ നേതൃത്വം നൽകി. മുളന്തുരുത്തി സുന്നഹദോസിൽ വെച്ച് മാനേജിംഗ് കമ്മറ്റിയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തിന് 1876 സെപ്തംബർ 5 ന് റമ്പാൻ സ്ഥാനം ലഭിച്ചു. അക്കാലത്ത് മലങ്കര സന്ദർശിച്ചു കൊണ്ടിരുന്നു പ. പത്രോസ് പാത്രിയർക്കീസ് ബാവ 1877 മെയ് 17 ന് അദ്ദേഹത്തെ ശെമവൂൻ മാർ ദിവന്നാസ്യോസ് എന്ന നാമത്തിൽ ചിറളയം പള്ളിയിൽ വെച്ച് മെത്രാനായി വാഴിച്ച്, പുതുതായി രൂപം കൊടുത്ത കൊച്ചി ഭദ്രാസനത്തിന്റെ ചുമതല നൽകി. ഏകദേശം 9 വർഷകാലം ഈ ഭദ്രാസനത്തെ നയിച്ച പിതാവ് 1886 ഒക്ടോബർ 2ന് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയി. പിറ്റേദിവസം കടുങ്ങമംഗലം സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ കബറടക്കി. നമ്മുടെ ഭദ്രാസനം 150–ാം വയസിലേക്ക് അടുക്കുന്ന ഈ അവസരത്തിൽ 1877 മുതൽ ഇന്ന് വരെ നമ്മുടെ ഭദ്രാസനത്തെ മേയിച്ചു ഭരിച്ച സകല പിതാക്കൻമാരെ കുറിച്ചും പഠിക്കുവാൻ യുവജനങ്ങൾക്ക് ഈ ലഘുലേഖനം ഒരു പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

യാത്രാ കുറിപ്പ്

ശിൽപ വർഗീസ്
Entrepreneur, Content writer, voice artist

പശ്ചിമഘട്ടത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന സ്വർഗഭൂമിയായ ഇടുക്കിയിലേക്ക് ഞങ്ങൾ 18 പേരും യാത്ര ആരംഭിച്ചു. രാത്രിയിൽ ഞങ്ങൾ സഞ്ചരിച്ച വാഹനത്തിന്റെ ജനാലകളിൽ കൂടി പതിയെ ഒഴുകിയതോ, മഞ്ഞിൽ പൊതിഞ്ഞ മലനിരകൾ. അതിൽ ഏറ്റവും കൂടുതൽ ആവേശം കൊള്ളിച്ചതോ, മങ്ങിയ വെളിച്ചത്തിലൂടെ ഞങ്ങളെ സ്വാഗതം ചെയ്ത ഇടുക്കി ഡാം.

സുഗന്ധദ്രവ്യങ്ങളാൽ പൊതിഞ്ഞ പുറ്റടി, ഞങ്ങളുടെ വിശ്രമകേന്ദ്രം. ഏലക്കാടുകളെ തഴുകി എത്തുന്ന അവിടുത്തെ കാറ്റിനു പോലും ഉണ്ട് ഒരു പ്രത്യേക ഗന്ധം. പുലർച്ചെ ഇടുക്കിയുടെ ശാന്തതയിൽ ഉണർന്ന് സെ.ഗ്രീഗോറിയോസ് കുരിശുമലയിലേക്ക് യാത്ര തുടങ്ങി. മലയുടെ മുകളിലേക്കു കയറിയപ്പോൾ മഞ്ഞിൽ മറഞ്ഞുനിന്ന ഒരു കൊച്ചു ദേവാലയം, പരി. പരുമല കൊച്ചു തിരുമേനിയുടെ സ്നേഹ തലോടൽ പോലെ ഒരു ആത്മീയ അനുഭവം.

അവിടെ നിന്നും രാമക്കൽമേട് എന്ന ഇതിഹാസത്തിലേക്ക്. അതിനിടയിൽ ഞങ്ങൾക്കായി കാത്തു വെച്ചത് ആമപ്പാറ എന്ന വിസ്മയം. പാറകൾക്കിടയിലൂടെ ഒരു ആമയെ പോലെ ഇഴഞ്ഞു നീങ്ങിയത് ഞങ്ങൾ ഓരോരുത്തർക്കും സാഹസികത നിറഞ്ഞ ഒരു പുതിയ അനുഭവം ആയിരുന്നു. സൂര്യന്റെ സ്നേഹകിരണങ്ങളാലും കാറ്റിന്റെ തലോടലുകളാലും നിറഞ്ഞ ചരിത്രഭൂമി രാമക്കൽമേട്. തെക്കൻ കേരളത്തിന്റേയും തമിഴ്നാടിന്റേയും അതിരുകൾ തമ്മിൽ ചേരുന്ന ഒരു കാഴ്ച, അതിമനോഹരം. കുറവൻ–കുറത്തി ശില്പസമുച്ചയവും കണ്ട് അവിടെ നിന്നും മടങ്ങി.

പിന്നീട് എത്തിച്ചേർന്നതോ, ഇടുക്കി ഭദ്രാസനത്തിന്റെ അരമനയിലേക്ക്. തിരുമേനിയോടൊപ്പം ചിലവഴിച്ച സായാഹ്നം. പിതാവിനോടൊപ്പം സന്ധ്യാപ്രാർത്ഥനയിൽ പങ്കുചേരാനും ഭാഗ്യവുമായി. രാത്രിയിൽ ക്യാമ്പ്ഫയറും കൂടെ ആയപ്പോൾ ആ ദിവസം കൂടുതൽ മനോഹരമായി.

അടുത്ത ദിവസം പുറ്റടിയോട് യാത്രപറഞ്ഞ്, ഏലത്തോട്ടത്തിന്റെ സൗന്ദര്യം ഒരിക്കൽകൂടി ആസ്വദിച്ച ഞങ്ങൾ തേനിയിലേക്ക് യാത്ര തിരിച്ചു. അവിടെ വിളവെടുപ്പ് കഴിഞ്ഞിട്ടും സഞ്ചാരികളെ ഉറ്റു നോക്കി നിന്ന ഒരു കൂട്ടം മുന്തിരിക്കുലകൾ, അവർക്കിടയിലൂടെ ഞങ്ങൾ നടന്നു നീങ്ങി. യാത്രയ്ക്ക് ഒരു അത്യുജ്ജ്വല സമാപനം കുറിച്ചതോ പരുന്തുംപാറയുടെ മാന്ത്രികഭംഗി.

അങ്ങനെ ഞങ്ങൾ 18 പേരുടെയും ഓർമകളിൽ ഒരിക്കലും മറക്കാനാവാത്ത അനുഭവം തന്ന ഇടുക്കി...... ഞങ്ങൾ വീണ്ടും വരും.

ത്രീയേക ദൈവത്തിനു സ്തുതി

OCYM-ന്റെ എല്ലാം പ്രവർത്തനങ്ങളും വളരെ സ്തുത്യർഹമായി നടന്നു വരുന്നു എന്നതിൽ വളരെ സന്തോഷിക്കുന്നു. നമ്മുടെ സുനിലച്ചന്റെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ, സന്നദ്ധ സേവനം എന്നിവയിലൂടെ യുവജന പ്രസ്ഥാനം അവരുടെ ആത്മീയ ജീവിതത്തിൽ സജീവമായി പങ്കുവഹിക്കുന്നതിൽ എല്ലാ അംഗങ്ങളും വളരെയധികം പ്രശംസ അർഹിക്കുന്നു. തുടർന്നും ഈ പ്രവർത്തനങ്ങൾ പൂർവാധികം ഭംഗിയായി മുന്നോട്ട് കൊണ്ട് പോകുവാൻ സർവ്വശക്തനായ ദൈവം നിങ്ങളെ ഒരോരുത്തരേയും ശക്തീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും പ്രോത്സാഹനമായി ഞങ്ങളും എപ്പോഴും ഒപ്പം ഉണ്ടാകും.

LISSY ALEX
Secretary, MMVS

OCYM REPORT 2024-25

ത്രിയേക ദൈവത്തിനു സ്തുതി

പടമുഗൾ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് സിറിയൻ ഇടവകയുടെ യുവജന പ്രസ്ഥാനത്തിന്റെ 2024 – 25 വർഷത്തിലെ വാർഷിക റിപ്പോർട്ട്, പ്രാർത്ഥനയോടെ, അഭിമാനപുരസ്സരം ഇടവക സമക്ഷം സമർപ്പിക്കുന്നു.

2024 – 25 വർഷത്തെ യുവജന പ്രസ്ഥാനത്തിന്റെ ഭാരവാഹികൾ

President	: Rev Fr. John George
Vice Presidents	: Mr. Sinu John & Dr. Sheena Rajan Philip
Secretary	: Ms. Saniya George
Joint Secretary	: Mrs. Manju Anish
Treasurer	: Mrs. Sunu Sinu

EXECUTIVE MEMBERS

Mrs Ansu Jacob	: Event Coordinator
Ms. Aswathy Binoy	: Event Coordinator
Ms. Helen Sara Scariah	: Editorial
Ms. Justeena Shaji	: Editorial
Mr. Shikhin G Palavila	: Arts & Sports
Mr Christy Arun Mathew	: Arts & Sports
Mr. Aaron Jacob John	: Media Wing
Mr. Aaron Ani Cheriyan	: Media Wing
Ms. Krupa Sara Johnson	: Charity & Welfare

യുവജന പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ

നാൽപതോളം അംഗങ്ങളുമായി യുവജനപ്രസ്ഥാനം ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ലോകപരിസ്ഥിതി ദിനത്തിന് വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും മറ്റൊരു അവസരത്തിൽ പഴയ തുണികൾ ശേഖരിച്ച് വസ്ത്ര പുനർനിർമാണത്തിനായി നൽകുകയും ചെയ്തു. ഫാദേഴ്സ് ഡേ, സ്വാതന്ത്ര്യദിനം, ശിശുദിനം, ക്രിസ്തുമസ് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ വിവിധ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. അന്താരാഷ്ട്ര ലഹരി വിരുദ്ധദിനത്തിന് ക്ലാസ്സും മത്സരങ്ങളും സംഘടിപ്പിച്ചു. ഇടവകാംഗങ്ങൾക്കായി ദന്താരോഗ്യ ബോധവൽക്കരണ ക്ലാസ്സും, കൺസൽട്ടേഷനും നടത്തി. ഫുഡ്ഫെസ്റ്റ്, ക്രിസ്തുമസ് സെയിൽ എന്നിവയിലൂടെ സമാഹരിച്ച തുകയും ഇടവകാംഗങ്ങളുടെ സഹായവും ഉപയോഗിച്ച് ഭവനരഹിതർക്ക് ഉള്ള പൊതിച്ചോറ് വിതരണം, നിർധനരുടെ കാൻസർ ചികിത്സക്കായി ആർദ്രത ഫണ്ടിലേക്കുള്ള സംഭാവന, കരുണാലയം സന്ദർശനവും സംഭാവനയും, എന്നീ ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കുവൈറ്റിലെ അഗ്നിബാധ ദുരന്തത്തിൽ മരിച്ചവർക്കായി പ്രാർത്ഥനയും സംഘടിപ്പിച്ചു. ഇടവകാംഗങ്ങൾക്കായി പരുമല പദയാത്ര, യുവജന പ്രസ്ഥാന അംഗങ്ങൾക്കായി ഇടുക്കി അരമനയിലേക്കും സമീപ പ്രദേശങ്ങളിലേക്കുമുള്ള ടൂർ എന്നിവ സംഘടിപ്പിച്ചു. യുവജന പ്രസ്ഥാനത്തിന്റെ കൊച്ചി ഭദ്രാസന തെക്കൻ മേഖല, കേന്ദ്ര, കലാമേളകളിലും ഭദ്രാസന സ്പോർട്സ് മീറ്റിലും, ചുവന്നമണ്ണ് പ്രസ്ഥാനം സംഘടിപ്പിച്ച ഫുട്ബോൾ മത്സരത്തിലും നമ്മുടെ അംഗങ്ങൾ പങ്കെടുക്കുകയും മികച്ച വിജയം കരസ്ഥമാക്കുകയും ചെയ്തു. മെൽത്തോ കൺവെൻഷനിലും പതാക ഘോഷയാത്രയ്ക്ക് നൽകിയ സ്വീകരണത്തിലും നമ്മുടെ പ്രവർത്തകർ സജ്ജീവമായി പങ്കെടുത്തു. ഇടവകയുടെ ആദ്യഫല പെരുന്നാളിൽ ജ്യൂസ് – സ്നാക്ക്സ് ലൈവ് കൗണ്ടർ നടത്തുകയും, ക്രിസ്തുമസിന് പള്ളി അലങ്കരിക്കുകയും, കരോൾ, പള്ളി പെരുന്നാളിന്റെ പതാക ഉയർത്തൽ, റാസ എന്നിവ മനോഹരവും വിജയകരവും ആക്കുന്നതിനായി പ്രവർത്തിക്കുകയും, ഇടവകദിനത്തിന് വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. 2025 – ലേക്കുള്ള കലണ്ടർ തയ്യാറാക്കി ഇടവക അംഗങ്ങൾക്ക് വിതരണം ചെയ്തു. ഈ പ്രവർത്തനകാലം ഞങ്ങൾക്ക്, മാർഗദീപമായി ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയഇടവകവികാരി, മാനേജിംഗ് കമ്മിറ്റി, പധാന ശുശ്രൂഷകൻ, ഇടവക അംഗങ്ങൾ, എന്നിവരോടുള്ള നന്ദിയും സ്നേഹവും അറിയിച്ചുകൊണ്ടും, വി. യോഹന്നാൻ മാംദാനയുടെ മധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടും ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

യുവജന പ്രസ്ഥാനത്തിനു വേണ്ടി
ജോയിന്റ് സെക്രട്ടറി
മഞ്ജു അനിഷ്

FROM THE EDITOR'S DESK

യുവത്വം പ്രത്യാശയുടെ വാൾമുനത്തുമ്പിലെ തിളക്കമാണ്, മൂർച്ചയാണ്. സർഗ്ഗസിദ്ധിയുടെ പുത്തൻ വഴിത്താരകൾ തുറക്കപ്പെടുന്നത് ഇത്തരം വാൾമുനത്തുമ്പുകളിലാണ്. അധാർമികതയും അതിക്രമങ്ങളും ലഹരിയുടെ അതിപ്രസരവും അന്ധകാരം തീർക്കുന്ന വർത്തമാനകാലത്ത് വെളിച്ചത്തിന് സാക്ഷ്യം പറയുന്നവരായി നമുക്ക് മാറാം. സ്വാഭാവികമായ നേരും നെറിയും ലാളിത്യവും ദൃഢതയും കൊണ്ട് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദത്തിന്റെ അലയടിയായി, യുവജനപ്രസ്ഥാനം ഇടവകയ്ക്ക് സമർപ്പിക്കുന്നു – *St. John the Voice (vol:2)*

Editors : Justeena Shaji, Helen Sara Scariah

DTP & DESIGNING : CHERUPUSHPAM DIGITAL PRESS KALAMASSERY | 400 COPIES PRIVATE CIRCULATION ONLY